**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2658 14.02.2013-ൽ മറുപടിയ്ക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ)ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾ തന്നെ ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് മരുന്നുകൾ വിപണിയിൽ എത്തിക്കുന്നത്. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽനിന്ന് റാൻഡമായി ശേഖരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം തിരുവനന്തപുരത്ത് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടിയിൽ പരിശോധിക്കുന്നുണ്ട്. |
| (ബി)വിപണിയിലെത്തുന്ന മരുന്നുകളുടെ നാലുശതമാനം മാത്രമേ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്നുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി)വിപണിയിലെത്തുന്ന മരുന്നുകൾ എല്ലാം തന്നെ ഉല്പാദിപ്പിക്കുന്ന കമ്പനികൾ തീവ്രമായ പരിശോധനകൾ നടത്തിയ ശേഷമാണ് വിപണിയിൽ എത്തിക്കുന്നത്.കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽനിന്ന് റാൻഡമായി ശേഖരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം തിരുവനന്തപുരത്ത് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടിയിൽ പരിശോധിക്കുന്നുണ്ട്. എറണാകുളത്ത് പുതിയ ലാബ് പ്രവർത്തനക്ഷമമാകുമ്പോൾ കൂടുതൽ മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. |
| (സി)ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം അറിയിക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിലവിലുള്ള എസ്.എം.എസ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മാറ്റുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ട്; വ്യക്തമാക്കാമോ; | (സി ) നിലവിൽ 15000 പേർക്ക് എസ്.എം.എസ് വഴി വിവരം നൽകുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി)ജനറിക് മരുന്നുകളുടെ വില്പന വ്യാപകമായതോടെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ കൂടുതൽ എത്താൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി)അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ കൂടുതൽ എത്താൻ സാധ്യതയില്ല. |

സെക്ഷൻ ഓഫീസർ